ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ ശേഷിക്കനുസൃതമായ അച്ചടി നൽകാൻ നടപടി

103 (1795) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ പ്രവർത്തനശേഷിക്കനുസൃതമായി പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ഓർഡർ നൽകാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ബി) പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ആവശ്യമായ ഓർഡറുകൾ ഈ പ്രസ്സിന് നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ മെഷീനുകളിൽ ഷീറ്റ് പേപ്പർ ഉപയോഗിച്ചുള്ള അച്ചടിക്കു മാത്രമേ സൗകര്യം ഉള്ളൂ. ഷീറ്റ് പേപ്പർ ലഭ്യമാക്കി ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ പാഠപുസ്തകം അച്ചടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(iii) വൈകികിട്ടിയ ഉത്തരങ്ങൾ

വൈദ്യുതി ചാർജ് വർദ്ധന ഒഴിവാക്കാൻ നടപടി

104 (1640) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. പി. ജയരാജൻ :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാൻ റഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സർക്കാരും സ്വകാര്യ വൈദ്യുത ഉപഭോക്താക്കളും വരുത്തിയ കുടിശ്ശിക ഈടാക്കികൊണ്ട് ബോർഡ് അനാവശ്യ വർദ്ധന ഒഴിവാക്കാൻ തയ്യാറാകുമോ ;

(സി) ഈ തുകകളെല്ലാം തിരിച്ചു കിട്ടിയാൽ ഇപ്പോഴത്തെ നിരക്ക് എത്ര ശതമാനം കണ്ട് കുറയ്ക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) അനാവശ്യ വർദ്ധന പരിഗണനയിലില്ല.

(സി) കറന്റ് ചാർജ് സമയാസമയങ്ങളിൽ അടയ്ക്കാത്തതുമൂലമുണ്ടായ കുടിശ്ശിക കാരണം ബോർഡിന് കൂടിയ നിരക്കിലുള്ള പലിശയ്ക്ക് കടം എടുക്കേണ്ടതായി വരുന്നു. ഈ കുടിശ്ശിക എല്ലാം പിരിഞ്ഞ് കിട്ടിയാൽ കടത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly